# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1096** **06.06.2018** ലെ മറുപടി

### കോന്നി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

ചോദ്യം | മറുപടി

**ശ്രീ.അടൂർ പ്രകാശ്**

**ശ്രീ. മാത്യു. ടി. തോമസ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | പ്രമാടം ശുദ്ധ ജല വിതരണ പദ്ധതി, കോന്നി മെഡിക്കൽ കോളേജിനായുള്ള ശുദ്ധജല വിതരണ പദ്ധതി, സീതത്തോട്-നിലയ്ക്കൽ കുടിവെള്ള പദ്ധതി, നിലവിൽ ശുദ്ധീകരണ ശാലകളില്ലാത്ത മൈലപ്ര, മലയാലപ്പുഴ, ചിറ്റാർ, കോന്നി, അരുവാപ്പുലം, തണ്ണിത്തോട്, ഏനാദിമംഗലം എന്നിവിടങ്ങളിലും ജലവിതരണ പദ്ധതികളില്ലാത്ത കലഞ്ഞൂർ പഞ്ചായത്തിലും ശുദ്ധജലം എത്തിക്കുന്നതിനായി നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) യും(ബി) യും:<br><br>പ്രമാടം പഞ്ചായത്തുകൂടി ഉൾപ്പെടുത്തി പത്തനംതിട്ട നഗരസഭയ്ക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ളപദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (Detailed Engineering Report) ഒന്നാം ഘട്ടം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.<br><br>കോന്നി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെ പണികൾ തുടങ്ങി. ഇൻടേക്ക് കിണറും പമ്പ് ഹൗസും പണിയാൻ ഉദ്ദേശിച്ച സ്ഥലത്ത് പ്രാദേശിക എതിർപ്പ് ഉണ്ടായതിനാൽ പകരം സ്ഥലം കണ്ടെത്തുകയും അവിടെ നിർമ്മാണം ആരംഭിക്കാൻ തുടങ്ങിയപ്പോൾ വീണ്ടും നാട്ടുകാരുടെ എതിർപ്പ് ഉണ്ടായി. കാലവർഷത്തിനുശേഷമേ ഇനി ഇൻടേക്ക് കിണറിന്റെ പണികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. റോ വാട്ടർ പമ്പിങ് മെയിനിന്റെ പണി ആരംഭിച്ചു.<br><br>സീതത്തോട്-നിലയ്ക്കൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഇൻടേക്ക് കിണറിന്റെ പണികൾ പുരോഗമിക്കുന്നു. ജലശുദ്ധീകരണശാലയുടെ പണി 75% പൂർത്തിയായി.<br><br>ജലശുദ്ധീകരണശാലകളില്ലാത്ത മൈലപ്ര മലയാലപ്പുഴ പദ്ധതികൾ ഉൾപ്പെടുത്തിയാണ് പത്തനംതിട്ടയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ളപദ്ധതി കോംപ്രിഹെൻസീവ് ഡിസ്ട്രിക്റ്റ് പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ |
| ബി | നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | |

| | | |
|---|---|---|
| | | ഏനാദിമംഗലം, കലഞ്ഞൂർ (ഭാഗികം) എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന മറ്റൊരു കുടിവെള്ള പദ്ധതിയും കോംപ്രിഹെൻസീവ് ഡിസ്ട്രിക്ട് പ്ലാനിൽ വിഭാവനം ചെയ്തിട്ടുണ്ട്. ചിറ്റാർ, തണ്ണിത്തോട്, കോന്നി, അരുവാപ്പലം, കലഞ്ഞൂർ (ഭാഗികം) എന്നീ പദ്ധതികൾക്ക് ജലശുദ്ധീകരണശാലയും മറ്റ് ഘടകങ്ങളും വിഭാവനം ചെയ്യുന്ന പദ്ധതിയും വിഭാവനം ചെയ്യുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| സി | മേൽപറഞ്ഞ പദ്ധതികളും പ്രവൃത്തികളും സംബന്ധിച്ച് 30.1.2018-ന് വാട്ടർ അതോറിറ്റി മനേജിംഗ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ ഏതെല്ലാം നാളിതുവരെ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും (ഇ) യും<br>പ്രമാടം പദ്ധതി ഉൾപ്പെട്ട Detailed Engineering Report പരിശോധിച്ചു വരുന്നു. കോന്നി മെഡിക്കൽ കോളേജിനുവേണ്ടിയുള്ള കുടിവെള്ളപദ്ധതിയുടെ ഇൻടേക്ക് കിണർ പണിയുന്നതിനുവേണ്ടി പകരം കണ്ടെത്തിയ സ്ഥലത്ത് നിലവിലുള്ള കരാർ പ്രകാരം പണി തുടങ്ങുവാൻ നിർദ്ദേശം നൽകിയെങ്കിലും കാലവർഷം ആരംഭിച്ചതിനാൽ പണികൾ ആരംഭിച്ചിട്ടില്ല. സീതത്തോട്-നിലയ്ക്കൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ Detailed Engineering Report തയ്യാറാക്കുന്നതിനും തുടർ നടപടികളും കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരുന്നു. |
| ഡി | ഇവയിൽ ഓരോന്നിന്റെയും നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | |
| ഇ | ഇവയുടെ പൂർത്തികരണത്തിന് അടിയന്തര നിർദ്ദേശം നൽകുമോ? | |

**സെക്ഷൻ ഓഫീസർ**